(സി) 23-6-2000-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 409/2000/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപ ഓഹരി മൂലധനത്തോടുകൂടി വിമുക്തഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും, ക്ഷേമത്തിനും പുനരധിവാസത്തിനുമായി "കേരള സംസ്ഥാന വിമുക്തഭടവികസന പുനരധിവാസ കോർപ്പറേഷൻ" രൂപീകരിക്കുകയും 7-12-2001-ൽ 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ചെയർമാനും മാനേജിംഗ് ഡയറക്ടറും ഉൾപ്പെടെ ഏഴ് അംഗങ്ങളുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സ് രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണ നവീകരണ പരിപാടികൾ

1 (2096) ശ്രീ. ടി. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ ഭരണ നവീകരണ പരിപാടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഭരണ നവീകരണ പരിപാടിക്ക് എ. ഡി. ബി. വായ്പ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എത്രകോടി രൂപയാണ് ലഭിച്ചിട്ടുള്ളത് ;

(ഡി) ഈ തുക ഏതെല്ലാം വകുപ്പുകളിൽ എന്തൊക്കെ ചെലവുകൾക്കായി വിനിയോഗിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഭരണ നവീകരണത്തിന്റെ ഭാഗമായി ഓരോ ഡിപ്പാർട്ടുമെന്റുകളിലും വരുത്തുന്ന മാറ്റങ്ങൾ എന്തൊക്കെയാണ് ;

(എഫ്) ഈ മാറ്റങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം സ്വരൂപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭരണ നവീകരണ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ട 93 ഉദ്യമങ്ങളുടെ പശ്ചാത്തല രൂപരേഖ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അവ പൊതുജനാഭിപ്രായത്തിനായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇവ www.keralamgp.org എന്ന വെബ് സൈറ്റിലും ലഭ്യമാണ്. ഇക്കാര്യത്തിൽ പൊതുജനാഭിപ്രായവും കൂടി പരിഗണിച്ചുകൊണ്ട് മാത്രമേ സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

മുകളിൽ പറഞ്ഞ 93 ഉദ്യമങ്ങൾക്ക് പുറമെ വിവിധ വകുപ്പുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം, ഉപകരണങ്ങൾ ലഭ്യമാക്കൽ, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായുള്ള ഒരു പ്രത്യേക പദ്ധതി കൂടി സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഉത്തരം 'എ'യിൽ കൊടുത്തിരിക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും കൂടി 513 കോടി രൂപയാണ് 2003-04 ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്.

(ഡി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(ഇ) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(എഫ്) നടപടി സ്വീകരിച്ചു കഴിഞ്ഞു.

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി ജീവനക്കാർക്കുള്ള പരിശീലനം

2 (2097) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എ. പി. അനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി എല്ലാ വിഭാഗത്തിലുംപ്പെട്ട മുഴുവൻ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുവാൻ ഉദ്ദേശം ഉണ്ടോ ;

(ബി) ഈ പരിശീലനത്തിന് മേൽനോട്ടം വഹിക്കുവാൻ കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരെയെല്ലാമെന്നും അവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ട്. ഇതിന്റെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി&സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

ഭരണ നവീകരണ പരിപാടികൾ

3 (2098) ശ്രീ. മഞ്ഞളാംകുഴി അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പരിപാടികൾക്ക് ഏതെങ്കിലും വിദേശ സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഭരണ നവീകരണ പരിപാടികൾ തുടക്കത്തിൽ ഏതൊക്കെ വകുപ്പുകളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly